# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 378

## 27.02.2018 ലെ മറുപടിക്ക്

**എം.എൽ.എ. ഫണ്ട് വിനിയോഗ മാനദണ്ഡങ്ങൾ**

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് പഠനോപകരണങ്ങൾ, കമ്പ്യൂട്ടർ, സ്മാർട്ട് ക്ലാസ്സ് റൂം ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തുന്നതിന് എം.എൽ.എ. ഫണ്ട് വിനിയോഗിയ്ക്കുന്നതിനായി ആയതിന്റെ മാനദണ്ഡത്തിലും മാർഗ്ഗനിർദ്ദേശങ്ങളിലും ആവശ്യമായ ഭേദഗതികളോ കൂട്ടിച്ചേർക്കലുകളോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി (MLA SDF) ഉപയോഗിച്ച് സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിർമ്മിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡലങ്ങളിൽ മൂലധന സ്വഭാവമുള്ള സ്ഥിരം ആസ്തികളുടെ സൃഷ്ടിയ്ക്കായാണ് ആസ്തി വികസന പദ്ധതി (LAC ADS) വിഭാവനം ചെയ്തത്. എന്നാൽ പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിർമ്മിക്കാനും അനുമതി നൽകിയിട്ടുണ്ട്. അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് പ്രസ്തുത ഫണ്ടുകൾ വിനിയോഗിക്കുന്നതിന് വ്യവസ്ഥയില്ല. ആയതിലേക്കായി മാനദണ്ഡങ്ങളിൽ ഇളവു വരുത്തുന്നത് നിലവിൽ പരിഗണനയിലില്ല. |
| (ബി) | സത്യസന്ധമായ നിലയിൽ നന്നായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുപാർശയുണ്ടെങ്കിൽ പരിഗണിക്കുന്നതിന് മാനദണ്ഡങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ